**മൂപ്പന്മാർക്കും ഉത്തരവാദിത്തപ്പെട്ട സഹോദരന്മാർക്കും വേണ്ടിയുള്ള അന്തർദേശീയ പരിശീലനം**

ഏപ്രിൽ 2024

# ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല ശുശ്രൂഷയിലുള്ള നമ്മുടെ ശുശ്രൂഷ പൂർണമായി നിർവഹിക്കുന്നതിന് ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടുകൊണ്ട്, മാനത്തിനായുള്ള ഒരു പാത്രം, പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യൻ, ആയിരിക്കുക

ദൂത് ഒന്ന്

## ദൈവം നൽകിയ ആത്മാവിനെ വീശി ജ്വലിപ്പിച്ചുകൊണ്ട്, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ഒരു ശീലം കെട്ടിപ്പടുക്കുന്നതിലൂടെ ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ യാഥാർഥ്യത്തിൽ അതിന്റെ നിറവേറലിനുവേണ്ടി ജീവിക്കുന്നത്

തിരുവെഴുത്തു വായന: 1 തിമൊ. 4:7-8; 2 തിമൊ. 1:6-7; 4:22

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

1 Tim. 4:8 ശരീരാഭ്യാസം അൽപപ്രയോജനമുള്ളതാകുന്നു, എന്നാൽ ഇപ്പോഴുള്ള ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ള ദൈവികത എല്ലാറ്റിനും പ്രയോജനമുള്ളതാകുന്നു.

2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

**I. തന്നെത്തന്നെ ആവിഷ്കരിക്കുവാൻ ക്രിസ്തുവിന് ഒരു ഭവനം ഉണ്ടായിരിക്കേണ്ടതിന് ക്രിസ്തുവിൽ അവനെത്തന്നെ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് പകരുവാനുള്ള അവന്റെ കുടുംബ ഭരണമാണ് ദൈവത്തിന്റെ നിത്യവ്യവസ്ഥ; ദൈവത്തിന്റെ നിത്യവ്യവസ്ഥ അവന്റെ നിത്യ പദ്ധതിയും, അവന്റെ ദിവ്യ പകർച്ച അവൻ തന്റെ പദ്ധതി നിവർത്തിക്കുന്ന മാർഗവുമാണ്—1 തിമൊ. 1:3-4; 3:15; റോമ. 12:5; എഫെ. 1:10; 3:8-9; 2:10:**

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

Rom. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

Eph. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

Eph. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

Eph. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

A. ക്രിസ്തു ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രവും, ചുറ്റളവും, മൂലകവും, ഗോളവും, മാർഗവും, ലക്ഷ്യവും ലാക്കും ആണ്; വാസ്തവത്തിൽ, ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ എല്ലാ ഉള്ളടക്കങ്ങളും കേവലം ക്രിസ്തുവാണ്—മത്താ. 17:5; എഫെ. 3:6; ലൂക്കൊ. 24:44.

Matt. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

Eph. 3:6 അത് സുവിശേഷത്തിലൂടെ ജാതികൾ ക്രിസ്തു യേശുവിൽ കൂട്ടവകാശികളും ശരീരത്തിലെ കൂട്ടവയവങ്ങളും വാഗ്ദത്തത്തിന്റെ സഹപങ്കാളികളും ആകുന്നു എന്നതുതന്നെ,

Luke. 24:44 അവൻ അവരോട്, മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും നിറവേറേണ്ടതാകുന്നു, എന്ന എന്റെ ഈ വാക്കുകൾ, ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തന്നെ നിങ്ങളോടു സംസാരിച്ച കാര്യങ്ങൾ ആകുന്നു എന്നു പറഞ്ഞു.

B. നമുക്ക് ദൈവത്തിന്റെ വ്യവസ്ഥ അറിയില്ലെങ്കിൽ, നാം വേദപുസ്തകം മനസ്സിലാക്കുകയില്ല; വേദപുസ്തകത്തിന്റെ കേന്ദ്ര വിഷയം ദൈവത്തിന്റെ വ്യവസ്ഥയാണ്, മുഴുവൻ വേദപുസ്തകവും ദൈവത്തിന്റെ വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്—വാ. 45; ഇയ്യോ. 10:13; cf. എഫെ. 3:9.

Luke. 24:45 അപ്പോൾ തിരുവെഴുത്തുകളെ മനസ്സിലാക്കുവാൻ അവൻ അവരുടെ മനസ്സിനെ തുറന്നു.

Job. 10:13 എന്നാൽ നീ ഇതു നിന്റെ ഹൃദയത്തിൽ ഒളിച്ചുവെച്ചു; ഇതായിരുന്നു നിന്റെ താല്പര്യം എന്നു ഞാൻ അറിയുന്നു.

Eph. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

C. നമ്മുടെ ആളത്തം അവന്റെ ആളത്തത്താൽ സംരചിക്കപ്പെടത്തക്കവണ്ണം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് പകരുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ; ദിവ്യജീവനായി ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുന്നതിലൂടെ മാത്രമേ ഇത് നിവർത്തിക്കപ്പെടുവാൻ കഴിയുകയുള്ളൂ—യോഹ. 10:10; 14:6; 1 കൊരി. 15:45; റോമ. 8:2, 6, 10-11.

John. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

1 Cor. 15:45 ... ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

Rom. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

Rom. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

Rom. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

D. പുതിയനിയമ ശുശ്രൂഷയിലെ നേതൃത്വം ദൈവത്തിന്റെ നിത്യവ്യവസ്ഥയെ നിയന്ത്രിക്കുന്ന, ദൈവത്തിന്റെ നിത്യവ്യവസ്ഥയെക്കുറിച്ചുള്ള ദൈവം നൽകിയ വെളിപാടിന്റെ നേതൃത്വമാണ്—പ്രവൃ. 26:19; സദൃ. 29:18.

Acts. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

Prov. 29:18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ.

E. ദൈവത്തിന്റെ വ്യവസ്ഥയല്ലാത്ത വ്യത്യസ്ത പഠിപ്പിക്കലുകൾ നമ്മുടെ ജീവനും നമ്മുടെ സകലവുമായ കർത്താവായ യേശുക്രിസ്തു എന്ന വിലയേറിയ വ്യക്തിയുടെ യഥാർഥ വിലമതിപ്പിൽനിന്നും സ്നേഹത്തിൽനിന്നും ആസ്വാദനത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു (2 കൊരി. 11:2-3); വിയോജിക്കുന്നവരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾ (1 തിമൊ. 1:3) സ്നേഹത്തിനും ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ചുള്ള പഠിപ്പിക്കലിൽ തുടരുവാനുള്ള അപ്പൊസ്തലന്റെ ആജ്ഞയുടെ അവസാനത്തിനും (ലക്ഷ്യവും ഉദ്ദേശ്യവും) വിരുദ്ധമായ അസൂയയും അഭിപ്രായവ്യത്യാസവും വിശ്വാസികൾക്കിടയിൽ ഉളവാക്കി (വാ. 5; യോഹ. 13:34; ഗലാ. 5:13-14).

2 Cor. 11:2 എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമലകന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു.

2 Cor. 11:3 എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

John. 13:34 നിങ്ങൾ അന്യോന്യം സ്നേഹിക്കേണം എന്ന് പുതിയൊരു കൽപന ഞാൻ നിങ്ങൾക്കു നൽകുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം.

Gal. 5:13 സഹോദരന്മാരേ, സ്വാതന്ത്ര്യത്തിനായല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഈ സ്വാതന്ത്ര്യം ജഡത്തിന് ഒരു അവസരമാക്കുക മാത്രം ചെയ്യാതെ, സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ.

Gal. 5:14 “നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം” എന്ന ഏക വാക്യത്തിൽ ന്യായപ്രമാണം മുഴുവനും നിവൃത്തിയായിരിക്കുന്നു.

F. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, ക്രിസ്തുവിന്റെ രാജ്യത്തെ കൊണ്ടുവരുന്നതിനായി ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരുക്കത്തിനുവേണ്ടിയും ദൈവത്തിന്റെ ദിവ്യപകർച്ച വിശ്വാസികളെ ജീവനിലും പ്രകൃതത്തിലും, (എന്നാൽ ദൈവത്വത്തിലല്ല,) ദൈവമാക്കിക്കൊണ്ട് അവരെ ദൈവവൽക്കരിക്കുന്നു; ഈ ഉദ്ദേശ്യത്തിനുവേണ്ടി ദൈവം തന്നെത്തന്നെ "മനുഷ്യവൽക്കരിക്കുവാൻ" ഒരു മനുഷ്യനായിത്തീർന്നു; തുടർന്ന് അവന്റെ ജീവനിലും പ്രകൃതത്തിലും (എന്നാൽ അവന്റെ ദൈവത്വത്തിലല്ല,) നമ്മെ "ദൈവവൽക്കരിക്കുവാൻ" അവൻ അവനെത്തന്നെ ജീവനായി നമ്മിലേക്കു പകരുന്നു.

G. തന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ ഉദ്ദേശ്യം, തന്റെ ദിവ്യ ത്രിത്വത്തിൽ—പിതാവും, പുത്രനും, ആത്മാവും—തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് അവനെത്തന്നെ പകരുക എന്നതാണ്; കാലത്തിൽ ദൈവത്തിന്റെ ഏക ലക്ഷ്യം ദിനംപ്രതി അവനെത്തന്നെ നമ്മിലേക്ക് പകരുക എന്നതാണ്.

**II. ദൈവത്തിന്റെ യഥാർഥ ഉദ്ദേശ്യത്തിന്റെ "ബ്ലൂപ്രിന്റിൽ", മനുഷ്യൻ മുഴുവൻ പ്രപഞ്ചത്തിന്റെ കേന്ദ്രവും, മനുഷ്യന്റെ കേന്ദ്രം അവന്റെ ആത്മാവും ആണ്—സെഖ. 12:1; ഉല്പ. 2:7; സദൃ. 20:27:**

Zech. 12:1 പ്രവാചകം, യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടു; ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാടു.

Gen. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

Prov. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

A. ആകാശം ഭൂമിക്കുവേണ്ടിയും, ഭൂമി മനുഷ്യനുവേണ്ടിയുമാണ്, ദൈവത്തെ ബന്ധപ്പെടുവാനും, ദൈവത്തെ സ്വീകരിക്കുവാനും, ദൈവത്തെ ഉൾക്കൊള്ളുവാനും, ദൈവത്തെ ആരാധിക്കുവാനും, ദൈവത്തെ ജീവിക്കുവാനും, ദൈവത്തിനുവേണ്ടി ദൈവോദ്ദേശ്യം നിറവേറ്റുവാനും, ദൈവത്തെ ആവിഷ്കരിക്കുവാനും, ദൈവവുമായി ഒന്നായിരിക്കുവാനുമായി ഒരു ആത്മാവോടുകൂടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു—യോഹ. 4:24; 1 കൊരി. 6:17.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

1 Cor. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

B. ദൈവം ആത്മാവല്ലാതിരിക്കുകയും, ദൈവത്തെ ബന്ധപ്പെടുവാൻ നമുക്ക് ഒരു ആത്മാവില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മുഴുവൻ പ്രപഞ്ചവും ശൂന്യവും, നാം ഒന്നുമല്ലാത്തതുമാണ്—സഭാ. 1:2; 3:11; ഇയ്യോ. 32:8; 12:10; 2 കൊരി. 4:13, 16-18.

Eccl. 1:2 ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ.

Eccl. 3:11 അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.

Job. 32:8 എന്നാൽ മനുഷ്യരിൽ ആത്മാവുണ്ടല്ലോ; സർവ്വശക്തന്റെ ശ്വാസം അവർക്കു വിവേകം നല്കുന്നു.

Job. 12:10 സകലജീവജന്തുക്കളുടെയും പ്രാണനും സകലമനുഷ്യവർഗ്ഗത്തിന്റെയും ശ്വാസവും അവന്റെ കയ്യിൽ ഇരിക്കുന്നു.

2 Cor. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2 Cor. 4:17 ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു,

2 Cor. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

C. വീഴ്ച നിമിത്തം, മനുഷ്യർ മനുഷ്യാത്മാവിനെ ശ്രദ്ധിക്കാതിരിക്കുകയും അവഗണിക്കുകയും ചെയ്തുവെന്നു മാത്രമല്ല, മനുഷ്യന് ഒരു

ആത്മാവുണ്ടെന്ന് സമ്മതിക്കുവാൻപോലും വിസമ്മതിക്കുകയും ചെയ്തു—1 തെസ്സ. 5:23; എബ്രാ. 4:12; cf. യൂദാ 19.

1 Thes. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

Jude. 19 ഇവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ.

D. ഉള്ളിലേക്കും ദൈവത്തിന്റെ നിത്യ ആവിഷ്കാരമായ ദൈവത്തിന്റെ കെട്ടിടത്തിനുള്ള വിലയേറിയ വസ്തുക്കളായുള്ള തന്റെ രൂപാന്തരത്തിനുവേണ്ടി അവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്നും പുറത്തേക്കും ജീവൻ ഒരു നദിയായി ഒഴുകത്തക്കവണ്ണം തന്റെ ആത്മാവിനെ വ്യായാമം ചെയ്യുന്നതിലൂടെ മനുഷ്യൻ, ഒരു പാത്രമെന്ന നിലയിൽ, ജീവവൃക്ഷമായ ക്രിസ്തുവിലുള്ള ദൈവത്തെ സ്വീകരിക്കണമായിരുന്നു—ഉൽപ. 1:26; 2:7-12, 22; 1 തിമൊ. 4:7-8:

Gen. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

Gen. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

Gen. 2:8 അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

Gen. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

Gen. 2:10 തോട്ടം നനെപ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അതു അവിടെനിന്നു നാലു ശാഖയായി പിരിഞ്ഞു.

Gen. 2:11 ഒന്നാമത്തേതിന്നു പീശോൻ എന്നു പേർ; അതു ഹവീലാദേശമൊക്കെയും ചുറ്റുന്നു; അവിടെ പൊന്നുണ്ടു.

Gen. 2:12 ആ ദേശത്തിലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗുലുവും ഗോമേദകവും ഉണ്ടു.

Gen. 2:22 യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു.

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ

ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

1 Tim. 4:8 ശരീരാഭ്യാസം അൽപപ്രയോജനമുള്ളതാകുന്നു, എന്നാൽ ഇപ്പോഴുള്ള ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ള ദൈവികത എല്ലാറ്റിനും പ്രയോജനമുള്ളതാകുന്നു.

1. ദൈവത്തിന്റെ ശ്വാസം നമ്മുടെ മനുഷ്യാത്മാവായിത്തീർന്നിരിക്കുന്നു, ദൈവത്തെ എണ്ണയായി ഉൾക്കൊള്ളുവാനും നമുക്ക് വെളിച്ചം നൽകുവാനുമുള്ള ദൈവത്തിന്റെ വിളക്കാണ് നമ്മുടെ ആത്മാവ് —ഉല്പ. 2:7; സദൃ. 20:27.

Gen. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

Prov. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

2. മനുഷ്യന്റെ ആത്മാവ് അവന്റെ വീഴ്ചയിലൂടെ ഒരു പൊട്ടിയ വിളക്കായിത്തീർന്നു, എന്നാൽ ദൈവത്തിന്റെ രക്ഷയിൽ അവന്റെ പ്രത്യുദ്ധാരത്തിലൂടെ മനുഷ്യന്റെ ആത്മാവ്, ചൈതന്യപ്പെടുത്തുന്ന, ഏഴിരട്ടി തീവ്രതയുള്ള ആത്മാവിനാൽ, വീണ്ടുംജനിപ്പിക്കപ്പെടുകയും, പുനർനിർമ്മിക്കപ്പെടുകയും, ബലിഷ്ഠമാക്കപ്പെടുകയും, ചെയ്യുന്നു—ഉല്പ. 2:7; സദൃ. 20:27; യോഹ. 3:6; വെളി. 4:5; 1 കൊരി. 15:45.

Gen. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

Prov. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

John. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

Rev. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു;

1 Cor. 15:45 ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു..

3. കേന്ദ്ര ഭരണകൂടവും മനുഷ്യന്റെ ആളത്തത്തിന്റെ ഏറ്റവും ഔന്നത്യമുള്ള ഭാഗവും അവന്റെ ആത്മാവായിരിക്കണം; തന്റെ ആത്മാവിനാൽ ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് ഒരു ആത്മിക മനുഷ്യൻ—2:14-15; 3:1; 14:32; 2 കൊരി. 2:12-15; എഫെ. 3:16; 1 പത്രൊ. 3:4; ദാനി. 6:3, 10.

1 Cor. 2:14 എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കുന്നില്ല, എന്തെന്നാൽ അവ അവന് മൂഢത്തം ആകുന്നു, അവ ആത്മികമായി വിവേചിക്കപ്പെടുന്നതിനാൽ അവയെ അറിയുവാൻ അവന് കഴിയുന്നതുമില്ല.

1 Cor. 2:15 എന്നാൽ ആത്മികൻ സകല കാര്യങ്ങളെയും വിവേചിക്കുന്നു, അവൻ ആരാലും വിവേചിക്കപ്പെടുന്നില്ല.

1 Cor. 3:1 സഹോദരന്മാരേ, എനിക്ക് നിങ്ങളോട് ആത്മികന്മാരോട് എന്ന പോലെയല്ല, ജഡമയരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളോട് എന്ന പോലെയത്രേ സംസാരിക്കുവാൻ കഴിഞ്ഞത്.

1 Cor. 14:32 പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നു;

2 Cor. 2:12 അതുകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞാൻ ത്രോവാസിൽ വരുകയും, കർത്താവിൽ എനിക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്തപ്പോൾ,

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2 Cor. 2:15 ഞങ്ങൾ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യം ആകുന്നു.

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

1 Pet. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

Dan. 6:3 എന്നാൽ ദാനീയേൽ ഉൽകൃഷ്ടമാനസനായിരുന്നതുകൊണ്ടു അവൻ അദ്ധ്യക്ഷന്മാരിലും പ്രധാനദേശാധിപന്മാരിലും വിശിഷ്ടനായി വിളങ്ങി; രാജാവു അവനെ സർവ്വരാജ്യത്തിന്നും അധികാരിയാക്കുവാൻ വിചാരിച്ചു.

Dan. 6:10 എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, - അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു - താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.

E. ദൈവത്തിന്റെ വ്യവസ്ഥയുടെ തന്ത്രപരവും കേന്ദ്രീയവുമായ കാര്യം നമ്മുടെ മനുഷ്യാത്മാവിൽ വസിക്കുന്ന ദിവ്യാത്മാവാണ്, രണ്ടും ഒരു ആത്മാവായി ഇഴുകിച്ചേർന്ന്, ഇഴുകിച്ചേർന്ന ആത്മാവ് ആയിരിക്കുന്നു—യോഹ. 3:6; 4:24; റോമ. 8:16; 2 കൊരി. 3:17; 2 തിമൊ. 4:22; 1 കൊരി. 6:17; 1 തിമൊ. 1:4; 2 കൊരി. 4:13:

John. 3:6 ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

Rom. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

1 Cor. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

2 Cor. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

1. ദൈവത്തിന്റെ വ്യവസ്ഥ നിറവേറ്റുന്നതിനുള്ള ശ്രേഷ്ഠമായ മാർഗം നമ്മുടെ ആത്മാവിനെ വ്യായാമംചെയ്തുകൊണ്ട് ആത്മാവിനനുസരിച്ച് ജീവിക്കുന്നതും സകലവും ചെയ്യുന്നതുമാണ്—ഇയ്യോ. 10:13; എഫെ. 3:9; റോമ. 8:4; ഗലാ. 5:25.

    Job. 10:13 എന്നാൽ നീ ഇതു നിന്റെ ഹൃദയത്തിൽ ഒളിച്ചുവെച്ചു; ഇതായിരുന്നു നിന്റെ താല്പര്യം എന്നു ഞാൻ അറിയുന്നു.

    Eph. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

    Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

    Gal. 5:25 ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

2. നാം നമ്മുടെ ആത്മാവിലേക്ക് തിരിയുകയും നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുകയും ചെയ്യുമ്പോഴെല്ലാം നാം (ക്രിസ്തുവിന്റെ) ശരീരത്തെ സ്പർശിക്കുന്നു, കാരണം (ക്രിസ്തുവിന്റെ) ശരീരം നമ്മുടെ ആത്മാവിലാണ്—എഫെ. 1:17; 2:22; 3:5, 16; 4:23; 5:18; 6:18.

    Eph. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

    Eph. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

Eph. 3:5 അത് ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടതുപോലെ, മറ്റു തലമുറകളിൽ മനുഷ്യപുത്രന്മാർക്ക് അറിവായിട്ടില്ലായിരുന്നു,

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

Eph. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

Eph. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

3. നാം നമ്മുടെ ആത്മാവിലായിരിക്കുമ്പോൾ, നാം ലോകത്തെ ജയിക്കുകയും, നമുക്ക് പാപം ചെയ്യുവാൻ കഴിയാതിരിക്കുകയും, ദുഷ്ടന് നമ്മെ തൊടുവാൻ കഴിയാതിരിക്കുകയും, നാം വിഗ്രഹങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു—1 യോഹ. 5:4, 18-19, 21; യോഹ. 14:30.

1 John. 5:4 ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ.

1 John. 5:18 ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു, ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ തന്നെത്താൻ കാക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല.

1 John. 5:19 നാം ദൈവത്തിൽനിന്നുള്ളവരെന്നും സർവലോകവും ദുഷ്ടനിൽ കിടക്കുന്നു എന്നും നാം അറിയുന്നു.

1 John. 5:21 കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ.

John. 14:30 ഇനിമേൽ ഞാൻ നിങ്ങളോട് അധികം സംസാരിക്കുകയില്ല, എന്തെന്നാൽ ലോകത്തിന്റെ അധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല.

**III. ദിവ്യ ത്രിത്വത്തിന്റെ ദിവ്യ പകർച്ച സ്വീകരിക്കുന്നതിനും വിശുദ്ധന്മാരുടെ ജീവനിലുള്ള വളർച്ചയ്ക്കും ക്രിസ്തുവിന്റെ ആസ്വാദനത്തിനും വേണ്ടിയുള്ള ഈ പകർച്ചയുടെ ചാൽ ആകുന്നതിനുള്ള താക്കോൽ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതാണ്, അത് ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതാണ്—ഫിലി. 1:25; 1 തിമൊ. 4:7-8; 2 തിമൊ. 1:6-7; 4:22; പ്രവൃ. 6:10; 1 കൊരി. 14:32:**

Phil. 1:25 ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു,

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

1 Tim. 4:8 ശരീരാഭ്യാസം അൽപപ്രയോജനമുള്ളതാകുന്നു, എന്നാൽ ഇപ്പോഴുള്ള ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ള ദൈവികത എല്ലാറ്റിനും

പ്രയോജനമുള്ളതാകുന്നു.

2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

Acts. 6:10 എങ്കിലും അവർക്ക് അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവിനോടും ചെറുത്തുനിൽക്കുവാൻ കഴിഞ്ഞില്ല.

1 Cor. 14:32 പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നു;

A. ദൈവത്തിന്റെ ആവിഷ്കാരമായ ഒരു ജീവിതം നയിക്കുന്ന ദൈവികത, ദിവ്യ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദിവ്യപകർച്ചയുടെ ഫലമാണ്; ഈ പകർച്ച സഭാജീവിതത്തിൽ ദൈവത്തിന്റെ സംഘാത പ്രത്യക്ഷതയ്ക്കുവേണ്ടി നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെ ജീവിക്കുവാനുള്ള നമ്മുടെ ആത്മാവിന്റെ വ്യായാമത്തെ ആശ്രയിച്ചിരിക്കുന്നു—1 തിമൊ. 1:3-4; 3:15-16; 4:7-8; 2 തിമൊ. 1:6-7.

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 Tim. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

1 Tim. 3:16 സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു.

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

1 Tim. 4:8 ശരീരാഭ്യാസം അൽപപ്രയോജനമുള്ളതാകുന്നു, എന്നാൽ ഇപ്പോഴുള്ള ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ള ദൈവികത എല്ലാറ്റിനും പ്രയോജനമുള്ളതാകുന്നു.

2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

B. *വ്യായാമം* എന്ന പദം നിർബന്ധിക്കുന്നതിനെ വിവക്ഷിക്കുന്നു; ക്രിസ്ത്യാനികളായ നാം ശക്തരായിരിക്കുവാനും കർത്താവിൽ വളരുവാനും ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ശക്തമായ ശീലം വളർത്തിയെടുക്കുന്നതുവരെ നമ്മുടെ ആത്മാവിനെ ഉപയോഗിക്കുവാൻ നാം നമ്മെത്തന്നെ നിർബന്ധിക്കണം—1 തിമൊ. 4:7.

1 Tim. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

C. നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുന്നത് നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതാണ്—2 തിമൊ. 1:6-7:

2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

1. 2 തിമൊഥെയൊസ് 1:6 "ദൈവത്തിന്റെ വരത്തെ" പരാമർശിക്കുകയും, വാക്യം 7 ദൈവം നമുക്ക് നൽകിയിരിക്കുന്നത് നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവിനെ, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ഇഴുകിച്ചേർന്ന നമ്മുടെ ആത്മാവിനെ, ആണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു; അങ്ങനെ, ദൈവത്തിന്റെ വരം ദൈവം-നൽകിയ നമ്മുടെ ആത്മാവാണ്.

   2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

   2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2. രക്ഷിക്കപ്പെട്ടവരായ നമുക്ക് ക്രിസ്തീയ ജീവിതവും സഭാജീവിതവും ജീവിക്കുവാനുള്ള മൂലധനം ഉണ്ട്, ഈ മൂലധനം ദൈവം-നൽകിയ നമ്മുടെ ആത്മാവാണ്.

3. പരിശുദ്ധാത്മാവിനാൽ അധിവസിക്കപ്പെടുന്ന നമ്മുടെ വീണ്ടുംജനിച്ച ആത്മാവിലാണ് തീ ഉള്ളത്; വാസ്തവത്തിൽ, നമ്മുടെ ആത്മാവ് തീയാണ്— ലൂക്കൊ. 12:49-50; റോമ. 12:11; വെളി. 4:5; സദൃ. 20:27.

   Luke. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

   Luke. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

   Rom. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

   Rev. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു;

   Prov. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ

അറകളെ ഒക്കെയും ശോധനചെയ്യുന്നു.

D. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതിന്, നമ്മുടെ ആത്മാവിനെ ചുറ്റിയിരിക്കുന്ന നമ്മുടെ ദേഹിയുടെ ഭാഗങ്ങളുമായി—നമ്മുടെ മനസ്സ്, വികാരം, ഇച്ഛ എന്നിവയുമായി—നാം ഇടപെടണം—cf. 1 പത്രൊ. 3:4:

1 Pet. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

1. ശക്തിയുടെ ആത്മാവ് കീഴടക്കപ്പെട്ടതും ഉയിർപ്പിക്കപ്പെട്ടതുമായ ഇച്ഛയോടുകൂടെയുള്ള ഒരു ആത്മാവും, സ്നേഹത്തിന്റെ ആത്മാവ് സ്നേഹമായ ദൈവത്തെക്കൊണ്ട് നിറഞ്ഞ വികാരത്തോടുകൂടെയുള്ള ഒരു ആത്മാവും, സുബോധത്തിന്റെ ആത്മാവ് പുതുക്കപ്പെട്ട മനസ്സോടുകൂടെയുള്ള ഒരു ആത്മാവും ആണ്—2 തിമൊ. 1:7.

   2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2. നമ്മുടെ പ്രിയ കർത്താവായ യേശു നമ്മുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമാണ്; നമ്മുടെ ദേഹി നമ്മുടെ അകത്തെ ആളത്തം, നമ്മുടെ യഥാർഥ വ്യക്തി, ആണ്; നമ്മുടെ ഉള്ളിലെ ആളത്തത്തിന്റെ ക്ഷേമത്തിനുവേണ്ടി കരുതിക്കൊണ്ടും നമ്മുടെ യഥാർഥ വ്യക്തിയുടെ അവസ്ഥയിൽ അവന്റെ മേൽനോട്ടം പ്രയോഗിച്ചുകൊണ്ടും നമ്മുടെ കർത്താവ് നമ്മെ മേയ്ക്കുന്നു—1 പത്രൊ. 2:25; സങ്കീ. 23:1-6; cf. എബ്രാ. 13:17.

   1 Pet. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

   Psa. 23:1 ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.

   Psa. 23:2 പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.

   Psa. 23:3 എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

   Psa. 23:4 കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

   Psa. 23:5 എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

   Psa. 23:6 നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

   Heb. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ

ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

3. ആത്മാവിന്റെ വ്യായാമം നമ്മുടെ ദേഹിയുടെ ഭാഗങ്ങളോട് ബന്ധപ്പിച്ചിരിക്കുന്നതിനാലും ദൈവത്തിന്റെ വ്യവസ്ഥയുടെ യാഥാർഥ്യത്തിൽ ജീവിക്കുന്നത് അത്രമാത്രം പ്രാധാന്യമുള്ളതിനാലും, “ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിക്കുന്ന” നമ്മുടെ കർത്താവിന്റെ സ്വർഗീയ ശുശ്രൂഷയിൽ നാം സഹകരിക്കേണ്ടതാവശ്യമാണ്—പ്രവൃ. 14:22.

Acts. 14:22 വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു.

4. ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിക്കുകയെന്നാൽ (1) കർത്താവിനെയും അവനെ സംബന്ധിച്ച കാര്യങ്ങളെയും അറിയുന്നതിനും മനസ്സിലാക്കുന്നതിനും അവരുടെ മനസ്സിലും (1 കൊരി. 2:16; ഫിലി. 3:10); (2), അവർ കർത്താവിനെ സ്നേഹിക്കുന്നതിനും കർത്താവിന്റെ താല്പര്യത്തിനുവേണ്ടിയുള്ള ഒരു ഹൃദയം ഉണ്ടായിരിക്കുന്നതിനുമായി അവരുടെ വികാരത്തിലും (മർക്കൊ. 12:30; റോമ. 16:4); (3) അവർ കർത്താവിനോടുകൂടെ നിലനിൽക്കുവാനും കർത്താവിനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുവാനും അവരുടെ ഇച്ഛയിലും (പ്രവൃ. 11:23; കൊലൊ. 1:10; 1 തെസ്സ. 4:1) അവരെ ഉറപ്പിക്കുക എന്നാണ്.

1 Cor. 2:16 ആർ കർത്താവിന്റെ മനസ്സറിഞ്ഞ് അവനെ നിർദേശിക്കും? എന്നാൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്.

Phil. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

Mark. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം.”

Rom. 16:4 അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു;

Acts. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

Col. 1:10 സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ചും ദൈവത്തിന്റെ പൂർണ പരിജ്ഞാനത്താൽ വളർന്നുകൊണ്ട്, സകലത്തിലും അവനെ പ്രസാദിപ്പിക്കുവാനായി കർത്താവിനു യോഗ്യമാംവണ്ണം നടക്കുവാനും,

1 Thes. 4:1 സഹോദരന്മാരേ ഇതുകൂടാതെ, നിങ്ങൾ എപ്രകാരം നടന്ന്

ദൈവത്തെ പ്രസാദിപ്പിക്കണം എന്ന് ഞങ്ങളിൽനിന്ന് പ്രാപിച്ചതുപോലെ, തീർച്ചയായും നിങ്ങൾ അങ്ങനെ നടക്കുന്നു, ഇനിയും വർധിച്ചുവരേണ്ടതിന്, ഞങ്ങൾ കർത്താവായ യേശുവിൽ നിങ്ങളോടു ചോദിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു.

E. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നത്, എല്ലായ്പോഴും സന്തോഷിക്കുന്നതും, ഇടവിടാതെ പ്രാർഥിക്കുന്നതും, ക്രിസ്തുവിൽ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന്റെ രഹസ്യമായി ഉൾവസിക്കുന്ന ആത്മാവിനെ ആസ്വദിക്കുന്നതിന് എല്ലാറ്റിലും സ്തോത്രം ചെയ്യുന്നതും ആണ്—2 കൊരി. 12:2; ഫിലി. 4:11-13; സങ്കീ. 91:1; 1 തെസ്സ. 5:16-18.

2 Cor. 12:2 ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു, പതിനാലു വർഷം മുമ്പ് ഇങ്ങനെ ഒരുവൻ മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടു (ശരീരത്തിലോ ശരീരം കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു).

Phil. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

Phil. 4:12 താഴ്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

Psa. 91:1 അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ

1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Thes. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം..

F. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നത്, നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുന്നതാണ്—റോമ. 8:6; മലാഖി. 2:15-16:

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

Mal. 2:15 ലേശംപോലും സുബോധം ശേഷിച്ചിരുന്ന ഒരുത്തൻ ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. എന്നാൽ ആ ഒരുത്തൻ എന്തു ചെയ്തു? ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അന്വേഷിച്ചു. നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ; തന്റെ യൌവനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുതു.

Mal. 2:16 ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിന്റെ ദൈവമായ

യഹോവ അരുളിച്ചെയ്യുന്നു: അതു ചെയ്യുന്നവൻ തന്റെ വസ്ത്രം സാഹസംകൊണ്ടു മൂടുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിന്നു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ.

1. നമ്മുടെ മനസ്സിനെ നാം ആത്മാവിൽ ഉറപ്പിക്കുമ്പോൾ, നമുക്ക് ജീവന്റെയും സമാധാനത്തിന്റെയും ആന്തരിക ബോധവും, ശക്തിയുടെയും, സംതൃപ്തിയുടെയും, വിശ്രമത്തിന്റെയും, വിടുതലിന്റെയും, ഉന്മേഷത്തിന്റെയും, നനവിന്റെയും, തെളിച്ചത്തിന്റെയും, ആശ്വാസത്തിന്റെയും ബോധവും ഉണ്ട്.
2. നമ്മുടെ മനസ്സിനെ നാം ജഡത്തിൽ ഉറപ്പിക്കുമ്പോൾ, നമുക്ക് മരണത്തിന്റെ ആന്തരിക ബോധവും, ബലഹീനതയുടെയും, ശൂന്യതയുടെയും, അസ്വസ്ഥതയുടെയും, വിശ്രമമില്ലായ്യുടെയും, വിഷാദത്തിന്റെയും, വരൾച്ചയുടെയും, ഇരുട്ടിന്റെയും ബോധവും ഉണ്ട്.
3. നമ്മുടെ ക്രിസ്തീയ ജീവിതം ശരിയുടെയും തെറ്റിന്റെയും നിലവാരമനുസരിച്ചല്ല, മറിച്ച് നമ്മുടെ ആത്മാവിലുള്ള ജീവന്റെയും സമാധാനത്തിന്റെയും ആന്തരിക ബോധം അനുസരിച്ചാണ്—റോമ. 8:6; 2 കൊരി. 2:13-14.

Rom. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം..

G. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നത്, നമ്മുടെ ദേഹിയിൽനിന്നും നമ്മുടെ ആത്മാവിനെ വിവേചിക്കുന്നതാണ്—എബ്രാ. 4:12:

Heb. 4:12 എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു.

1. ആത്മാവിന്റേതല്ല, ദേഹിയുടേതായ, സ്വയത്തിന്റേതായ ഏതു കാര്യത്തെയും വിവേചിക്കുവാനും നിഷേധിക്കാനും നാം എപ്പോഴും ജാഗരൂകരായിരി ക്കണം—മത്താ. 16:25; cf. ലൂക്കൊ. 9:25.

Matt. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

Luke. 9:25 ഒരു മനുഷ്യൻ സർവലോകവും നേടിയിട്ട്, തന്നെത്താൻ

നഷ്ടമാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്താൽ അവന് എന്തു പ്രയോജനം?

2. നാം എന്തായിരുന്നാലും, നമുക്ക് എന്തുണ്ടെങ്കിലും, നാം എന്തു ചെയ്യുന്നുവെങ്കിലും, ആത്മാവിലായിരിക്കണം; നമുക്ക് ദൈവമായിരിക്കുന്ന സകലവും നമ്മുടെ ആത്മാവിലാണ്—റോമ. 2:28-29; 1:9; 8:4; 12:11.

Rom. 2:28 പുറമേ യെഹൂദനായവൻ യെഹൂദനല്ല; പുറമേ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല.

Rom. 2:29 എന്നാൽ അകമേ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള, ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന, അവന്റെ പുകഴ്ച്ച മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽ നിന്നത്രേ ആകുന്നു.

Rom. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

Rom. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

H. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നത്, സാധാരണ സഭാജീവിതം നയിക്കുകയും ശുദ്ധഹൃദയത്തിൽനിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം ക്രിസ്തുവിനെ പിന്തുടരുന്നതിലൂടെ സഭയുടെ അധഃപതനത്തെ ജയിക്കുകയും ചെയ്യുന്നതാണ്—2 തിമൊ. 2:22.

2 Tim. 2:22 എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക.

I. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നത്, ദൈവത്തിന്റെ നിത്യ വ്യവസ്ഥയിലെ ലക്ഷ്യമായ ദൈവത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി—ക്രിസ്തു, ദൈവരാജ്യം, ദൈവഭവനം— പ്രാർഥിക്കുന്നതും, വ്യക്തിപരവും മനസ്സുറപ്പിച്ചുമുള്ള രീതിയിൽ ദൈവത്തെ സമീപിക്കുന്നതും ആണ്—1:6-8; 1 തിമൊ. 1:3-4; 2:1-3, 8; 1 രാജാ. 8:48; യൂദാ 19-21.

2 Tim. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

2 Tim. 1:8 അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ തടവുകാരനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ, ദൈവശക്തിക്കൊത്തവണ്ണം സുവിശേഷത്തോടുകൂടെ തിന്മ സഹിക്കുക;

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 Tim. 2:1 അതുകൊണ്ട് ഒന്നാമതായി, സകല മനുഷ്യർക്കും വേണ്ടി അപേക്ഷകളും പ്രാർഥനകളും പക്ഷവാദങ്ങളും സ്തോത്രങ്ങളും ചെയ്യുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു;

1 Tim. 2:2 രാജാക്കന്മാർക്കും ഉന്നത സ്ഥാനത്തുള്ള എല്ലാവർക്കും വേണ്ടി, നാം സകല ദൈവികതയിലും ഘനത്തിലും സ്വസ്ഥവും ശാന്തവുമായ ജീവിതം നയിക്കേണ്ടതിനു തന്നെ.

1 Tim. 2:3 ഇത് നമ്മുടെ രക്ഷകനായ ദൈവത്തിന്റെ ദൃഷ്ടിയിൽ നല്ലതും സ്വീകാര്യവും ആകുന്നു,

1 Tim. 2:8 അതുകൊണ്ട് പുരുഷന്മാർ എല്ലായിടത്തും കോപവും വാദവും കൂടാതെ, വിശുദ്ധ കരങ്ങൾ ഉയർത്തിക്കൊണ്ട് പ്രാർഥിക്കണമെന്ന് ഞാൻ വാഞ്ഛിക്കുന്നു;

1 Kings. 8:48 നിന്നോടു യാചിക്കയും അവരെ പിടിച്ചു കൊണ്ടുപോയ ശത്രുക്കളുടെ ദേശത്തുവെച്ചു അവർ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ നിങ്കലേക്കു തിരിഞ്ഞു, നീ അവരുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തേക്കു നീ തിരഞ്ഞെടുത്ത നഗരത്തിങ്കലേക്കും ഞാൻ നിന്റെ നാമത്തിന്നു പണിതിരിക്കുന്ന ഈ ആലയത്തിങ്കലേക്കും നോക്കി നിന്നോടു പ്രാർത്ഥിക്കയും ചെയ്താൽ

Jude. 19 ഇവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ.

Jude. 20 എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്,

Jude. 21 ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, നിത്യ ജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ട് തന്നെ.

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

### നമ്മുടെ ആത്മാവിന്റെ വ്യായാമം

നമ്മുടെ ആത്മാവിനെ സംബന്ധിച്ച് ഈ പഠനം ഉണ്ടായിരിക്കുന്നത് വളരെ നല്ലതാണ്. നമ്മുടെ മനുഷ്യാത്മാവിനെക്കുറിച്ച് നാം പഠിപ്പിക്കുകയും സംസാരിക്കുകയും ചെയ്യുമ്പോഴെല്ലാം നമുക്ക് സന്തോഷമുണ്ടെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. മനുഷ്യൻ ഒരു ആത്മാവോടുകൂടെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നതാണ് ഇതിനു കാരണം, ഈ ആത്മാവ് ദൈവത്തെ ബന്ധപ്പെടുവാനും ദൈവത്തെ ഉൾക്കൊള്ളുവാനും പ്രവർത്തിക്കുന്ന മനുഷ്യനുള്ളിലുള്ള ഒരു പ്രത്യേക അവയവമാണ്. മനുഷ്യനെ ഒരു ജീവിയായി ദൈവം സൃഷ്ടിച്ചുവെങ്കിലും അവൻ മറ്റെല്ലാ ജീവികളിൽനിന്നും വ്യത്യസ്തനാണ്. മനുഷ്യനു മാത്രമാണ് ഒരു മനുഷ്യാത്മാവുള്ളൂ.

ദൈവത്തിന്റെ സൃഷ്ടിപ്പിൽ, നമ്മുടെ ആത്മാവിനെ ഉളവാക്കുവാൻ അവൻ പ്രത്യേകമായ ചിലത് ചെയ്തുവെന്ന് ഉല്പത്തി നമ്മോടു വ്യക്തമായി പറയുന്നു (2:7). സംസാരിക്കുന്നതിലൂടെ ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചു. ദൈവം അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു (സങ്കീ. 33:9). എന്നാൽ ദൈവം മനുഷ്യനെ സൃഷ്ടിക്കുവാൻ വന്നപ്പോൾ, അവൻ തന്റെ ജീവശ്വാസം മനുഷ്യനിലേക്ക് ഊതി. നമ്മുടെ ശ്വാസം നാംതന്നെയല്ല, എന്നാൽ നമ്മുടെ ശ്വാസംപോലെ മറ്റൊന്നും നമ്മോട് അത്ര അടുത്തല്ല. അതുപോലെ, ദൈവത്തിന്റെ ജീവശ്വാസം ദൈവംതന്നെയല്ല, ദിവ്യ ആത്മാവല്ല, ദിവ്യ ജീവനല്ല, മറിച്ച് അത് ദൈവത്തോട് വളരെ അടുത്തതാണ്, ദിവ്യാത്മാവിനോട് അടുത്തതാണ്, ദിവ്യ ജീവനോട് അടുത്തതാണ്.

നമുക്കൊരു ആത്മാവ് ഇല്ലായിരുന്നുവെങ്കിൽ, നാം മൃഗങ്ങളെപ്പോലെ ആയിരിക്കുമായിരുന്നു. നാം അർഥശൂന്യരായിത്തീരുമായിരുന്നു. കൂടാതെ, പ്രപഞ്ചത്തിൽ ദൈവം ഇല്ലായിരുന്നുവെങ്കിൽ, മുഴുവൻ പ്രപഞ്ചവും ശൂന്യമായിത്തീരുമായിരുന്നു. അതിനാൽ നമ്മുടെ അർഥത്ഥത്തിന്റെയും പ്രപഞ്ചത്തിന്റെ അർഥത്തിന്റെയും താക്കോൽ ദൈവത്തിന്റെ നിലനില്പിലും നമുക്ക് ഒരു ആത്മാവ് ഉണ്ടായിരിക്കുന്നതിലുമാണ്. ദൈവം ആത്മാവാണ്, നാം അവനെ നമ്മുടെ ആത്മാവിൽ ബന്ധപ്പെടുകയും, അവനെ ആരാധിക്കുകയും വേണം (യോഹ. 4:24). ഈ രണ്ട് ആത്മാക്കളും പരസ്പരം ബന്ധപ്പെടുകയും ഒന്നായിത്തീരുകയും വേണം (1 കൊരി. 6:17). അപ്പോൾ മുഴുവൻ പ്രപഞ്ചവും അർഥമുള്ളതായിത്തീരുന്നു. അപ്പോൾ നമ്മുടെ ജീവിതത്തിന് അർഥമുണ്ട്. ദൈവം ആത്മാവായിരിക്കാതെയും ദൈവത്തെ ബന്ധപ്പെടുവാൻ, ദൈവവുമായി ഒന്നായിരിക്കുവാൻ, നമുക്ക് ഒരു ആത്മാവില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മുഴുവൻ പ്രപഞ്ചവും ശൂന്യമായിരിക്കുകയും നാം ഒന്നുമല്ലാത്തവരായിരിക്കുകയും ചെയ്യും. ഇതിലൂടെ നമുക്ക് നമ്മുടെ ആത്മാവിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

ഖേദകരമെന്നു പറയട്ടെ, വീഴ്ച നിമിത്തം, മനുഷ്യർ മനുഷ്യാത്മാവിനെ ശ്രദ്ധിക്കാതിരിക്കുകയും അവഗണിക്കുകയും ചെയ്തുവെന്നു മാത്രമല്ല, മനുഷ്യന് ഒരു ആത്മാവുണ്ടെന്ന് സമ്മതിക്കുവാൻപോലും വിസമ്മതിക്കുകയും ചെയ്തു. ഉയർന്ന ജീവിതം നയിക്കുന്ന ചില മനുഷ്യർ അവരുടെ മനസ്സാക്ഷിയെ ശ്രദ്ധിക്കുന്നു, എന്നാൽ അവർ ന്യൂനപക്ഷമാണ്. മിക്ക ആളുകളും അവരുടെ മനസ്സാക്ഷിയെയല്ല, നിയമത്തെയാണ് ശ്രദ്ധിക്കുന്നത്. ഇന്നത്തെ സമൂഹത്തിന് നിയമം വളരെ ആവശ്യമാണ്, കാരണം മിക്ക ആളുകളും അവരുടെ ആത്മാവിന്റെ ഒരു ഭാഗത്തെ—അവരുടെ മനസ്സാക്ഷിയെ അവഗണിക്കുന്നു. നാം ചില എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ നമ്മെ ന്യായംവിധിക്കുവാനും കുറ്റംവിധിക്കാനും മനസ്സാക്ഷി പ്രവർത്തിക്കുന്നു. വാസ്തവത്തിൽ, മനുഷ്യ സമൂഹത്തിലുള്ള ഏറ്റവും നല്ല മനുഷ്യർ നിയമാനുസൃതം ഉള്ളവരല്ല, മറിച്ച് അവരുടെ മനസ്സാക്ഷിയെ ശ്രദ്ധിക്കുന്നവരാണ്. കേവലം നിയമത്താൽ ഭരിക്കപ്പെടുന്ന ചിലർ നിയമത്തിലെ പഴുതുകൾ കണ്ടെത്തുവാൻ ഇഷ്ടപ്പെടുന്നു, അങ്ങനെ അവർക്ക് അനീതിയും അന്യായവുമായ കാര്യങ്ങൾ നിർവഹിക്കുവാൻ കഴിയും. എങ്കിലും, മനഃസാക്ഷിയാൽ ജീവിക്കുന്നവർ, ഉന്നതമായ ഒരു രീതിയിൽ ജീവിക്കുന്നു. ബാഹ്യമായ നിയമം നിയന്ത്രിക്കുന്നതിനെക്കാൾ കൂടുതൽ നമ്മുടെ ആന്തരിക മനഃസാക്ഷി നമ്മെ നിയന്ത്രിക്കുന്നു.

ക്രിസ്ത്യാനികളെന്ന നിലയിൽ നമ്മുടെ ആത്മാവ് വീണ്ടുംജിച്ചതാണ്. വീണ്ടുംജനിക്കുന്നത് ബലിഷ്ഠമാക്കപ്പെടുന്നതാണ്. നമ്മുടെ ആളത്തത്തിലേക്ക് കൂടുതൽ ശക്തവും സമ്പന്നവുമായ ചിലത് ചേർക്കപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ

ആത്മാവിലേക്ക് കൂട്ടുച്ചേർക്കപ്പെട്ട ദൈവത്തിന്റെ ജീവനാണ്. ഈ കൂട്ടിച്ചേർക്കൽ ഒരു യഥാർഥ ദാനമാണ്. വിശ്വാസികളായ നാം സ്വർഗീയ ദാനം ആസ്വദിച്ചിരിക്കുന്നു എന്ന് എബ്രായർ 6:4 പറയുന്നു. നാം കർത്താവായ യേശുവിൽ വിശ്വസിക്കുമ്പോൾ, ദൈവം ആദ്യം നമുക്ക് ദിവ്യജീവൻ നൽകുന്നു. രണ്ടാമത്, ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ നൽകുന്നു. കൂടാതെ, അവന്റെ പാപക്ഷമ, നീതി, സമാധാനം, സന്തോഷം, ആനന്ദം തുടങ്ങിയ നിരവധി സ്വർഗീയ കാര്യങ്ങളും അവൻ നമുക്ക് നൽകുന്നു. ദൈവം നമുക്ക് നീതീകരണവും, അനുരഞ്ജനവും, അവന്റെ പൂർണ രക്ഷയും നൽകിയിട്ടുണ്ട്. ഇവയെല്ലാം ദൈവത്തിന്റെ ജീവനും ദൈവാത്മാവിനും പുറമേ നൽകിയിരിക്കുന്നു. വാസ്തവത്തിൽ, ഈ സ്വർഗീയ കാര്യങ്ങളെല്ലാം ദൈവത്തിന്റെ ജീവനിലും ദൈവത്തിന്റെ ആത്മാവിലും ഉൾപ്പെടുന്നു, അവ നമ്മുടെ ആത്മാവിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. നമുക്ക് വീണ്ടുംജനിപ്പക്കപ്പെട്ടതും ബലിഷ്ഠമാക്കപ്പെടുകയും ചെയ്ത ഒരു ആത്മാവ്, ഒരു കൂട്ടാളിയോടുകൂടെയുള്ള വളരെ ശക്തമായ ഒരു ആത്മാവുണ്ട്, ഈ കൂട്ടാളി ത്രിയേക ദൈവമാണ്. ത്രിയേക ദൈവം നമ്മുടെ ആത്മാവിൽ നമ്മുടെ കൂട്ടാളിയായിത്തീരുന്നു. എത്ര സമ്പന്നമായ ആത്മാവാണ് നമുക്കുള്ളത്!

ഇപ്പോൾ നമ്മുടെ ആത്മാവിന്റെ പ്രാധാന്യം നാം കണ്ടുകഴിഞ്ഞതിനാൽ, നമ്മുടെ ആത്മാവിന്റെ വ്യായാമം കാണുവാൻ നാം ആഗ്രഹിക്കുന്നു. നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുന്ന ഒരു ശീലം നാം വളർത്തിയെടുക്കണം. ഞാൻ രാവിലെ എഴുന്നേൽക്കുമ്പോൾ, ഞാൻ സ്വയമേവ ആദ്യം പറയുന്നത് "കർത്താവേ" എന്നാണ്. "കർത്താവേ" എന്നു വിളിച്ചുകൊണ്ട് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നത് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ഒരു ശീലമാണ്. നിങ്ങൾ രാവിലെ എഴുന്നേറ്റയുടനെ "കർത്താവേ" എന്നു പറയുന്നത് ഒരു വലിയ വ്യത്യാസ ഉണ്ടാക്കുന്നു. യാതൊന്നും പറയാതെ നിങ്ങൾ രാവിലെ എഴുന്നേൽക്കുന്നുവെങ്കിൽ കർത്താവിനെ സ്പർശിക്കാതെ പതിവു രീതിയിൽ നിങ്ങൾ പ്രാർഥിച്ചേക്കാം. നിങ്ങളുടെ ആത്മാവിന്റെ വ്യായാമം ഇല്ലാത്തതാണ് ഇതിന് കാരണം. “കർത്താവേ” എന്നു പറയുന്ന ഒരു ശീലം നാം വളർത്തിയെടുക്കണം. “കർത്താവേ” എന്നു നാം പറയുമ്പോൾ നാം കർത്താവിനെ സ്പർശിക്കുന്നു. ഇത് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ശീലമാണ്.

ചില സമയങ്ങളിൽ നാം വിഷമകരമായ സാഹചര്യത്തിൽ ആയിരിക്കാം. നാം രോഗിയായോ നമ്മുടെ ജോലി നഷ്ടപ്പെട്ടിട്ടോ ആയിരിക്കാം. ആ സമയത്ത് നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം. “ഓ കർത്താവായ യേശുവേ!” എന്നു പറയാൻ നാം നമ്മെത്തന്നെ നിർബന്ധിക്കണം. *വ്യായാമം* എന്ന പദം നിർബന്ധിക്കുന്നതിനെ വിവക്ഷിക്കുന്നു. വ്യായാമം ചെയ്യുന്നത് എല്ലായ്പ്പോഴും നിർബന്ധിക്കുന്ന ഒരു കാര്യമാണ്. ഒളിമ്പിക് കായികതാരങ്ങൾ പരിശീലനത്തിനോ മത്സരത്തിനോ വ്യായാമം ചെയ്യുമ്പോൾ, അവർക്ക് ശക്തമായ ഒരു ഇച്ഛാശക്തി ഉണ്ടായിരിക്കണം. അവർ വ്യായാമം ചെയ്യുവാൻ തങ്ങളെത്തന്നെ നിർബന്ധിക്കുന്നു. ക്രിസ്ത്യാനികളായ നാം ശക്തരായിരിക്കുവാൻ ആഗ്രഹിക്കുകയും കർത്താവിൽ വളരുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ ആത്മാവിനെ ഉപയോഗിക്കുവാൻ നാം നമ്മെത്തന്നെ നിർബന്ധിക്കണം.

നിങ്ങളുടെ കുടുംബജീവിതത്തിൽ ഒരു പ്രശ്നം വന്നുവെന്ന് നമുക്ക് കരുതാം. അത് നിങ്ങൾക്കും നിങ്ങളുടെ തുണയ്ക്കും ഇടയിലോ നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഇടയിലോ നിങ്ങൾക്കും നിങ്ങളുടെ മാതാപിതാക്കൾക്കും ഇടയിലോ ഉള്ള ഒരു പ്രശ്നമായിരിക്കാം. ആ സമയത്ത് നിങ്ങൾ നിങ്ങളുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നില്ലെങ്കിൽ, നിങ്ങളുടെ മനസ്സിനോടും ഇച്ഛയോടും

വികാരത്തോടുംകൂടെയുള്ള നിങ്ങളുടെ മുഴുവൻ ദേഹി പ്രബലമായിത്തീരും. അപ്പോൾ ദേഹി നിങ്ങളുടെ ആത്മാവിനെ പിടിച്ചടക്കിക്കൊണ്ട് നിങ്ങളെ ജയിക്കുകയും കീഴടക്കുകയും ചെയ്യും. മോശമായ രീതിയിൽ നിങ്ങളുടെ സംയമനം നഷ്ടപ്പെടുവാൻ പോലും അത് ഇടയാക്കും. അതുകൊണ്ട്, നിങ്ങൾ പ്രയാസകരമായ ഒരു സാഹചര്യത്തിൽ ആയിരിക്കുമ്പോഴെല്ലാം, നിങ്ങളുടെ ആത്മാവിനെ വ്യായാമം ചെയ്യുവാൻ നിങ്ങളെത്തന്നെ നിങ്ങൾ നിർബന്ധിക്കണം. വ്യായാമം ചെയ്യുവാൻ അഥവാ ഉപയോഗിക്കുവാൻ നിങ്ങളെത്തന്നെ നിർബന്ധിക്കുന്നതിലൂടെ, നിങ്ങളുടെ ആത്മാവ് നിങ്ങളെ മറ്റൊരു വ്യക്തിയാക്കുന്നു.

1 തിമൊഥെയൊസ് 4:7-ൽ പൗലൊസ് പറയുന്നു: "നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക." തുടർന്ന് വാക്യം 8-ൽ അവൻ ശാരീരിക വ്യായാമത്തെക്കുറിച്ച് പറയുന്നു. ഈ രണ്ടു വാക്യങ്ങളിൽ പൗലൊസ് രണ്ടു തരം വ്യായാമങ്ങളെക്കുറിച്ച് സംസാരിക്കുന്നു. ദൈവികതയിങ്കലേക്കുള്ള അഭ്യാസം എന്ന ശരീരാഭ്യാസത്തിനു പുറമെയുള്ള വ്യായാമം ആത്മാവിന്റെ വ്യായാമമായിരിക്കണം. ദൈവികതയിങ്കലേക്കുള്ള അഭ്യാസത്തിനായി നമ്മെത്തന്നെ വ്യായാമം ചെയ്യുകയെന്നാൽ, നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെ ജീവിക്കുവാൻ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുക എന്നാണ്.

**നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കുക**

നമ്മുടെ ആത്മാവിനെ നാം വീശി ജ്വലിപ്പിക്കണമെന്ന്2 തിമൊഥെയൊസ് 1:6-7 സൂചിപ്പിക്കുന്നു. ഈ വാക്യങ്ങളിൽ പൗലൊസ് പറയുന്നു: “എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമ്മിപ്പിക്കുന്നു. ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെവയത്രേ നൽകിയിരിക്കുന്നത്. ഈ വാക്യങ്ങൾ നമ്മുടെ ആത്മാവിനെ നാം ജ്വലിപ്പിക്കണമെന്നല്ല, മറിച്ച് നമ്മുടെ വരത്തെ ജ്വലിപ്പിക്കണെമന്നാണ് പറയുന്നതെന്ന് ചിലർ ചിന്തിച്ചേക്കാം. എന്നാൽ നിങ്ങൾ ഈ വാക്യങ്ങളിലേക്ക് കടക്കുന്നുവെങ്കിൽ, നമ്മുടെ വരത്തെ വീശി ജ്വലിപ്പിക്കുന്നത് നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതാണെന്ന് നിങ്ങൾ കാണും. വാക്യം 6-ൽ പൗലൊസ് നമ്മോട് പറയുന്നത് "ദൈവത്തിന്റെ വരത്തെ ജ്വലിപ്പിക്കുവാൻ" എന്നാണ്. തുടർന്ന് വാക്യം 7-ൽ അവൻ പറയുന്നു: “ദൈവം നമുക്ക്....ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്. ദൈവം-നൽകിയ നമ്മുടെ ആത്മാവിനെയാണ് നാം ജ്വലിപ്പിക്കേണ്ടത്. നാം നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കണം.

ഇവിടെ പൗലൊസിന്റെ വചനത്തെ വിലമതിക്കുവാൻ 2 തിമൊഥെയൊസിന്റെ പശ്ചാത്തലം നാം അറിയേണ്ടതുണ്ട്. തന്റെ ആത്മിക പുത്രനായ തിമൊഥെയൊസിന്റെ ഒരു പ്രയാസകരമായ സമയത്താണ് പൗലൊസ് ഈ പുസ്തകം എഴുതിയത്. പൗലൊസ് റോമിൽ കാരാഗൃഹത്തിലായിരുന്നു. കൂടാതെ, ആസ്യയിലുള്ള എല്ലാവരും പൗലൊസിന്റെ ശുശ്രൂഷ ഉപേക്ഷിച്ചിരുന്നു (വാ. 15). ആസ്യയിലുള്ള സഭകളായിരുന്നു പൗലൊസിന്റെ ശുശ്രൂഷയിലൂടെ ഉയർന്നുവന്ന പ്രധാന സഭകൾ, എന്നാൽ അവർ അവനെ ഉപേക്ഷിച്ചു. അവരുടെ ഇടയിൽ തിമൊഥെയൊസ് ഉണ്ടായിരുന്നു. നിങ്ങൾ തിമൊഥെയൊസ് ആയിരുന്നെങ്കിൽ ആ സാഹചര്യത്തെ നിങ്ങൾ എങ്ങനെ നേരിടുമായിരുന്നു? ആളുകൾ തിമൊഥെയൊസിനോടു പറഞ്ഞിരിക്കാം: “നീ എന്തിനാണ് ഇപ്പോഴും പൗലൊസിനെ അനുഗമിക്കുന്നത്? ആസ്യയിലെ എല്ലാ വിശുദ്ധന്മാരും അവനെ ഉപേക്ഷിച്ചിരിക്കുന്നു. കൂടാതെ, ദൈവം യഥാർഥത്തിൽ അവനോടുകൂടെ ഉണ്ടായിരുന്നെങ്കിൽ, അവൻ അവനെ റോമിലെ കാരാഗൃഹത്തിൽനിന്നും രക്ഷിക്കുമായിരുന്നു.” തിമൊഥെയൊസ്

നിരുത്സാഹിതനായി എന്നതിൽ സംശയമില്ല. അല്ലെങ്കിൽ, “ഇതുനിമിത്തം....ഞാൻ നിന്നെ ഓർമ്മിപ്പിക്കുന്നു” എന്ന് പൗലൊസ് പറയുമായിരുന്നില്ല. തിമൊഥെയൊസ് നിരുത്സാഹിതനായതിനാൽ അവനെ ഓർമ്മപ്പെടുത്തണമായിരുന്നു. തിമൊഥെയൊസ് തളർന്നുപോയി എന്ന് പൗലൊസിന് അറിയാമായിരുന്നതിനാൽ അവൻ അവനോട് സഹതപിച്ചു. തന്റെ ഉള്ളിൽ ഇപ്പോഴും ഒരു ചെറിയ തീ ഉണ്ടെന്ന്, അവൻ അതിനെ ജ്വലിപ്പിക്കേണ്ടതാവശ്യമാണെന്ന് തിമൊഥെയൊസിനെ പൗലൊസ് ഓർമ്മിപ്പിച്ചു.

ദൈവത്തെ സംശയിക്കുവാനും നിങ്ങളുടെ രക്ഷയെ സംശയിക്കുവാനും തുടങ്ങുന്ന അളവോളം ചിലപ്പോൾ നിങ്ങൾ കഷ്ടം സഹിച്ചേക്കാം. എന്നാൽ നിങ്ങൾ എത്രതന്നെ സംശയിച്ചാലും, നിങ്ങൾക്ക് നിഷേധിക്കുവാൻ കഴിയാത്ത ഒരു കാര്യം നിങ്ങളുടെ ഉള്ളിലുണ്ട്—നിങ്ങളുടെ ആത്മാവ്. നിങ്ങൾ ഒരു മൃഗത്തെപ്പോലെയല്ല. നിങ്ങൾക്ക് ഒരു ആത്മാവുണ്ട്. ഈ ആത്മാവ് സാത്താന് ഒരു കുഴപ്പക്കാരനാണ്. സാത്താൻ എത്രമാത്രം വേല ചെയ്തുകഴിഞ്ഞുവെങ്കിലും, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും, അവന് സ്പർശിക്കുവാൻ കഴിയാത്ത ഒരു കാര്യം നമ്മുടെ ഉള്ളിലുണ്ട്—നമ്മുടെ ആത്മാവ്. നാം നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കേണ്ടതാവശ്യമാണ്.

നാം ജ്വലിപ്പിക്കേണ്ട ദൈവത്തിന്റെ വരം ഒരു ആത്മിക വരമാണെന്ന് നാം പറഞ്ഞേക്കാം. എന്നാൽ നമ്മുടെ ആത്മാവിനെക്കൂടാതെ, നമുക്കെങ്ങനെ വരം ഉണ്ടായിരിക്കുവാൻ കഴിയും? ആത്മികവരം നമ്മുടെ ആത്മാവിലാണ്. പരിശുദ്ധാത്മാവ് ഉൾവസിക്കുന്ന നമ്മുടെ വീണ്ടുംജനിച്ച ആത്മാവിൽ തീയുണ്ട്. വാസ്തവത്തിൽ, നമ്മുടെ ആത്മാവ് തീയാണെന്ന് നമുക്കു പറയാം.

ജ്വലിപ്പിക്കപ്പെട്ട ഒരു ചെറിയ തീക്ക് ഒരു വലിയ തീയായി മാറുവാൻ കഴിയും. കാട്ടുതീ ഇതിനൊരു ഉദാഹരണമാണ്. കാറ്റ് ചെറിയ തീയെ വലിയ തീയാക്കി മാറ്റുന്നു. ഒരു വീടിനുള്ളിൽ എന്തെങ്കിലും കത്തുകയും, ആ തീ ജ്വലിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ജനാലയോ വാതിലോ തുറക്കും. തീയെ ജ്വലിപ്പിക്കുവാൻ കാറ്റ് ഇടയാക്കും. നിങ്ങളുടെ ആത്മാവിനെ ജ്വലിപ്പിക്കുവാനുള്ള ഏറ്റവും എളുപ്പ മാർഗം നിങ്ങളുടെ വായ് തുറക്കുന്നതാണ്.

നിങ്ങളുടെ ആത്മാവിനെ ജ്വലിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളുടെ വായ് തുറക്കുകയും, നിങ്ങളുടെ ഹൃദയത്തെ തുറക്കുകയും, നിങ്ങളുടെ ആത്മാവിനെ തുറക്കുകയും വേണം. നിങ്ങളുടെ ആളത്തത്തിന്റെ ഈ മൂന്നു പാളികളെയും നിങ്ങൾ തുറക്കണം. “കർത്താവായ യേശുവേ” എന്നു പറയുവാൻ നിങ്ങളുടെ വായ് ഉപയോഗിക്കണം. എന്നാൽ ഹൃദയത്തോടുകൂടെ വായ് ഉപയോഗിച്ച് “കർത്താവായ യേശുവേ” എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ആഴത്തിൽ പോകേണ്ടതാവശ്യമാണ്. പിന്നീട് നിങ്ങളുടെ ഹൃദയത്തോടും നിങ്ങളുടെ ആത്മാവിനോടുംകൂടെ വായ് ഉപയോഗിച്ച് "കർത്താവായ യേശുവേ" എന്നു പറയുന്നതിന് നിങ്ങൾ കൂടുതൽ ആഴത്തിൽ പോകണം. ഇത് നിങ്ങളുടെ ഉള്ളിൽനിന്നും ആത്മാവിനെ തുറക്കുന്നതിനാണ്. അപ്പോൾ തീ കത്തുന്നു. നിങ്ങൾ തളർന്നിരിക്കുന്നുവെങ്കിൽ, നിങ്ങളുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് ഉള്ളിൽ ആഴത്തിൽനിന്നും “കർത്താവായ യേശുവേ” എന്ന് വീണ്ടും വീണ്ടും വിളിക്കണം. അപ്പോൾ നിങ്ങൾ ഉണർത്തപ്പെടും.

തന്റെ അനുഭവമനുസരിച്ച് പൗലൊസ് 2 തിമൊഥെയൊസ് 1:6-7 എഴുതി. തന്റെ ഉള്ളിലുള്ള ദൈവത്തിന്റെ വരത്തെ ജ്വലിപ്പിക്കുവാൻ അവൻ തിമൊഥെയൊസിനെ ഓർമ്മിപ്പിച്ചു. എന്നിട്ട്, ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല തന്ന എന്നു പറഞ്ഞു. പകരം, ദേഹിയുടെ മൂന്നു ഭാഗങ്ങളായ ഇച്ഛയാലും, വികാരത്താലും,

മനസ്സിനാലും ചുറ്റപ്പെട്ടിരിക്കുന്ന നമ്മുടെ ആളത്തത്തിന്റെ കേന്ദ്രത്തിൽ ദൈവം നമുക്ക് ഒരു ആത്മാവിനെ നൽകിയിരിക്കുന്നു. ദൈവം നമുക്ക് നൽകിയ ആത്മാവ് ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവാണ്. ശക്തി നമ്മുടെ ഇച്ഛയുടേതാണ്. സ്നേഹം നമ്മുടെ വികാരത്തിന്റേതാണ്. സുബോധം നമ്മുടെ മനസ്സിന്റേതാണ്. ഈ മൂന്നു കാര്യങ്ങളുള്ള ഒരു ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്. നമ്മുടെ ഇച്ഛ ശക്തവും ശക്തി നിറഞ്ഞതുമായിരിക്കണം; നമ്മുടെ വികാരം സ്നേഹിക്കുന്നതും സ്നേഹം നിറഞ്ഞതുമായിരിക്കണം; നമ്മുടെ മനസ്സ് സുബോധമുള്ളതും സുബോധം നിറഞ്ഞതുമായിരിക്കണം.

ദിവ്യ വെളിപാടനുസരിച്ച്, ദൈവം നമുക്ക് നൽകുന്നത് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, മറിച്ച് ശക്തിയുടെ ആത്മാവിനെയാണ്. നമ്മുടെ ആത്മാവ് നമ്മുടെ ഇച്ഛയുമായി ബന്ധപ്പെട്ടിരിക്കുന്നു, അത് ശക്തമാണ് എന്ന് അതർഥമാക്കുന്നു. അതിനാൽ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുമ്പോഴെല്ലാം നമ്മുടെ ഇച്ഛ ഉൾപ്പെട്ടിട്ടുണ്ടെന്ന് നാം തിരിച്ചറിയണം. നമ്മുടെ ആത്മാവ് ശക്തമായ ഇച്ഛയാൽ മാത്രമല്ല, സ്നേഹനിർഭരമായ വികാരത്താലും സുബോധമുള്ള മനസ്സിനാലും ചുറ്റപ്പെട്ടിരിക്കുന്നു. അതർഥമാക്കുന്നത് നമ്മുടെ മനസ്സ് മേഘാവൃതമോ മൂടിക്കെട്ടിയതോ ആയിരിക്കരുത്, മറിച്ച് വളരെ വ്യക്തം, വളരെ സുബോധം, ഉള്ളതായിരിക്കണം.

പൗലൊസിന് ഇതിന്റെ വെളിപാടും അനുഭവവും ഉണ്ടായിരുന്നു. 2 തിമൊഥെയൊസ് 1-ന്റെ 6-ഉം 7-ഉം വാക്യങ്ങൾ ആശ്ചര്യകരമാണ്. രക്ഷിക്കപ്പെട്ടവരായ നമുക്ക് ക്രിസ്തീയ ജീവിതവും സഭാജീവിതവും നയിക്കുവാനുള്ള മൂലധനം ഉണ്ടെന്ന് ഈ വാക്യങ്ങൾ നമ്മെ കാണിക്കുന്നു. ഈ മൂലധനം ദൈവം-നൽകിയ ആത്മാവാണ്. ഈ ദൈവം-നൽകിയ ആത്മാവ്, ദൈവത്തിന്റെ നിയോഗമനുസരിച്ച്, നമ്മുടെ ഇച്ഛയുടെ ശക്തിയാലും, നമ്മുടെ വികാരത്തിന്റെ സ്നേഹത്താലും, നമ്മുടെ മനസ്സിന്റെ സുബോധത്താലും ചുറ്റപ്പെട്ടിരിക്കുന്നു. ഈ മൂന്ന് സഹായികളും നമ്മുടെ ആത്മാവിനെ ചുറ്റിയിരിക്കുന്നു, നമ്മെ അടിച്ചമർത്താനല്ല, മറിച്ച് നമ്മെ ഉയർത്തുവാനും നമ്മെ സഹായിക്കാനും വേണ്ടിയാണ്.

ഇങ്ങനെയുള്ള ദൈവദത്തമായ ആത്മാവിനെ നാം വ്യായാമംചെയ്യണം. ഒരു മനുഷ്യന് ഓട്ടമത്സരത്തിൽ ഓടുവാനുള്ള മൂലധനം ദൈവ-സൃഷ്ടിതമായ അവന്റെ കാലുകളാണ്. നിങ്ങൾക്കുവേണ്ടി ദൈവം രണ്ടു കാലുകൾ സൃഷ്ടിക്കാതെ നിങ്ങൾക്ക് എങ്ങനെ ഓടുവാൻ കഴിയും? ഓടുവാനുള്ള മൂലധനം നിങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. ഇതേ രീതിയിൽ, ദൈവം നമുക്ക് ഒരു ആത്മാവിനെ നൽകിയില്ലെങ്കിൽ, ക്രിസ്തീയ ഓട്ടം ഓടുവാനുള്ള മൂലധനം നമുക്ക് ഉണ്ടായിരിക്കുകയില്ല. എന്നാൽ ഇന്ന് നമുക്ക് ഒരു വലിയ അക്കൗണ്ട് ഉണ്ട്, ബാങ്കിൽ ഒരു വലിയ നിക്ഷേപമുണ്ട്. നമുക്ക് ദൈവദത്തമായ ഒരു ആത്മാവുണ്ട്. നമുക്ക് ദൈവദത്തമായ ആത്മാവുള്ളിടത്തോളം നമുക്ക് ശക്തിയും, സ്നേഹവും, ഒരു തെളിഞ്ഞ ആകാശത്തോടുകൂടെയുള്ള സുബോധവും ഉണ്ട്.

നമുക്ക് മൂലധനം ഉണ്ടെന്ന് പറയുന്നതുകൊണ്ട് അർഥമാക്കുന്നത് നമുക്ക് കഴിവുണ്ടെന്നാണ്. നമുക്ക് ശക്തി എന്ന കഴിവുള്ളതുകൊണ്ട് നമുക്ക് കാര്യങ്ങൾ ചെയ്യുവാൻ കഴിയും. നാം ജനത്തെ സ്നേഹിക്കുന്നില്ലെന്ന് നാം പറയരുത്, കാരണം നമുക്ക് സ്നേഹം എന്ന കഴിവുണ്ട്. നാം ഇരുട്ടിലാണെന്ന് നാം പറയരുത്, കാരണം നമുക്ക് തെളിഞ്ഞ ആകാശത്തോടുകൂടിയ സുബോധം എന്ന കഴിവുണ്ട്. “എന്റെ

ആകാശം മേഘാവൃതമല്ല; എന്റെ ആകാശം വ്യക്തമാണ്; എന്നു നാം പ്രഖ്യാപിക്കണം, കാരണം ഇത് നമ്മുടെ കഴിവാണ്.

നാം പലപ്പോഴും ശത്രുവിനാൽ ചതിക്കപ്പെടുകയും വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. നാം ബലഹീനരാണെന്നും മേഘാവൃതരുമാണെന്ന് നാം പറയുന്നു. എന്നാൽ നാം ബലഹീനരാണെന്ന് നാം പറയുമ്പോൾ, നാം ബലഹീനരാണ്. നാം മേഘാവൃതരാണെന്ന് നാം പറയുമ്പോൾ, നാം മേഘാവൃതരാണ്. മറുവശത്ത്, നാം ശക്തരാണെന്ന് നാം പറയുമ്പോൾ, നാം ശക്തരാണ്. നാം വ്യക്തരാണെണ് നാം പറയുമ്പോൾ, നാം വ്യക്തരാണ്. നാം എന്താണെന്ന് നാം പറയുമ്പോൾ, അതാണ് നാം. നിങ്ങൾ ബലഹീനനാണെന്ന് നിങ്ങൾ പറയരുത്. നിങ്ങൾ ബലഹീനനാണെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, ബലഹീനത നിങ്ങളോടുകൂടെയുണ്ട്. എന്നാൽ നിങ്ങൾ ശക്തനാണെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, ശക്തി നിങ്ങളോടുകൂടെയുണ്ട്. നമുക്ക് കഴിവുള്ളതുകൊണ്ട് നാം ശക്തരാണെന്ന് നമുക്ക് പറയുവാൻ കഴിയും. നമുക്ക് മൂലധനമുണ്ട്. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, മറിച്ച് ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയത്. നാം ഇത് പ്രഖ്യാപിക്കുകയും ഇത് അവകാശപ്പെടുകയും വേണം. അപ്പോൾ നമുക്കത് ഉണ്ടായിരിക്കും. ഇതാണ് നമ്മുടെ പങ്ക്. ഇത് നമ്മുടെ നിയമപരമായ, ദൈവ-നിയോഗിത ഓഹരിയാണ്, അത് ദൈവത്താൽ നമുക്ക് അനുവദിച്ചുനൽകപ്പെട്ടിരിക്കുന്നു.

മുമ്പ് ചിലപ്പോഴെല്ലാം കർത്താവിനുവേണ്ടി സംസാരിക്കുവാൻ തയ്യാറെടുക്കുമ്പോൾ എനിക്ക് നിരാശ തോന്നി. എനിക്ക് ഒന്നും സംസാരിക്കാനുണ്ടായിരുന്നില്ലെന്ന് എനിക്കു തോന്നി. എന്നാൽ ആ ഘട്ടത്തിൽ ഞാൻ പ്രാർഥിച്ചു. ഇത് ഒരു ചതിയാണെന്ന് എന്റെ പ്രാർഥനയിൽ ഞാൻ മനസ്സിലാക്കി. വാസ്തവത്തിൽ, ഞാൻ ബലഹീനനായിരുന്നില്ല, എനിക്ക് ചിലതുണ്ടായിരുന്നു. ഞാൻ എന്താണ് സംസാരിക്കുവാൻ പോകുന്നതെന്നറിയാതെ വേദിയിലേക്ക് കയറിപ്പോയ സന്ദർഭങ്ങളുണ്ട്. ചില വാക്യങ്ങൾ വായിക്കുവാൻ വിശുദ്ധന്മാരോട് അവരുടെ വേദപുസ്തകം തുറക്കുവാൻ ഞാൻ ആവശ്യപ്പെടുകയായിരുന്നപ്പോൾ, ഞങ്ങൾ എന്തു വായിക്കുമെന്ന് ആ നിമിഷം വരെ എനിക്കറിയില്ലായിരുന്നു. ഞങ്ങൾ ഈ വാക്യങ്ങൾ വായിച്ചതിനുശേഷം, സന്ദേശം എന്നിലേക്കു വന്നു. മിക്കപ്പോഴും അങ്ങനെയുള്ള ഒരു ദൂത് മറ്റു ദൂതുകളെ അപേക്ഷിച്ച് കൂടുതൽ ജീവനുള്ളതും, കൂടുതൽ ശക്തവും, കൂടുതൽ പ്രഭാവവും സഹായവും നിറഞ്ഞതുമാണ്.

നിങ്ങൾക്ക് തോന്നുന്നതോ നിങ്ങൾ ചിന്തിക്കുന്നതോ ആയ കാര്യങ്ങൾ കേൾക്കരുതെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഇത് പങ്കുവെക്കുന്നത്. നിങ്ങൾക്ക് തോന്നുന്നതും നിങ്ങൾ ചിന്തിക്കുന്നതും മൊത്തത്തിൽ ഒരു നുണയാണ്, ഒരു വ്യാജമാണ്. ക്രിസ്ത്യാനികൾ അത് വിശ്വസിക്കരുത്. നാം ശക്തരാണെന്ന് നാം എപ്പോഴും വിശ്വസിക്കുകയും, പ്രഖ്യാപിക്കുകയും, അവകാശപ്പെടുകയും വേണം. നാം സ്നേഹം നിറഞ്ഞവരാണ്. നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാൻ നമുക്കു കഴിയും. എല്ലാവരേയും സ്നേഹിക്കുവാൻ നാം പ്രാപ്തരാണ്. നാം വളരെ വ്യക്തരാണ്. നമ്മുടെ ആകാശം പളുങ്കുപോലെ തെളിഞ്ഞതാണ്. നമുക്ക് ഈ മൂലധനം ഉള്ളതുകൊണ്ട് നാം വിശ്വസിക്കണം. ഇതാണ് നമ്മുടെ കഴിവ്. "ഞാൻ ശക്തനാണ്! ഞാൻ സ്നേഹവാനാണ്! ഞാൻ വ്യക്തനാണ്!" എന്ന് നാം അവകാശപ്പെടുകയും പ്രഖ്യാപിക്കുകയും വേണം. നാം ഇതു പറയുന്നുവെങ്കിൽ നാം അനുഗൃഹീതരാണ്. ഇതാണ് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുവാനുള്ള മാർഗം. ഇത് നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കുന്നതാണ്. അപ്പോൾ നാം പ്രാർഥിക്കും. നാം എത്രയധികം

പ്രാർഥിക്കുന്നുവോ അത്രയധികം നാം ജ്വലിപ്പിക്കുകയും, അത്രയധികം കത്തൽ നമ്മുടെ ഉള്ളിൽ ഉണ്ടായിരിക്കുകയും ചെയ്യും.

ജ്വലിപ്പിക്കൽ ഉള്ളപ്പോഴെല്ലാം സാത്താനുമായി എപ്പോഴും ഒരു യുദ്ധമുണ്ട്. തീ ആളിപ്പടരുമ്പോൾ അഗ്നിശമനസേന തീ അണയ്ക്കുവാനുള്ള ശ്രമത്തിലാണ്. നമ്മുടെ ഉള്ളിൽ ജ്വലിക്കുന്ന തീ കെടുത്തുവാൻ സാത്താൻ ശ്രമിക്കുന്നതിന്റെ ഒരു ഉദാഹരണമാണിത്. നമ്മുടെ ഉള്ളിലെ ജ്വാലയെ കെടുത്തുവാൻ ശ്രമിക്കുന്ന തണുത്ത വെള്ളം പോലെയുള്ള അനേകം കാര്യങ്ങൾ ഇന്നുണ്ട്. ചിലപ്പോൾ മോശം വാർത്തയുമായി ഒരു ഫോൺ കോൾ വരുന്നു. പിന്നീട് കൂടുതൽ മോശം വാർത്തയുമായി ഒരുവൻ നിങ്ങളുടെ അടുക്കൽ വരുന്നു. നമ്മെ ശമിപ്പിക്കുന്ന കാര്യങ്ങൾ നമ്മുടെ ചുറ്റുപാടിൽ സംഭവിക്കും. ആ സമയത്ത് നാം യുദ്ധം ചെയ്യണം. നാം വസ്തുതകൾ പ്രഖ്യാപിക്കണം. നമ്മുടെ ആത്മാവിനെ നാം ജ്വലിപ്പിക്കണം. അപ്പോൾ നാം ഏറ്റവും ഉയർന്ന വ്യക്തികൾ, സൂപ്പർ വ്യക്തികൾ ആയിരിക്കും.

**നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുക**

നിങ്ങളുടെ ആത്മാവിനെ നിങ്ങൾ ജ്വലിപ്പിച്ച ശേഷം, മറ്റൊരു കാര്യം പരിശീലിക്കുവാൻ പഠിക്കുക. എപ്പോഴും നിങ്ങളുടെ മനസ്സിനെ നിയന്ത്രിക്കുക. നിങ്ങളുടെ മനസ്സിനെ ഒരു "കാട്ടുകുതിര" ആകുവാൻ അനുവദിക്കാതിരിക്കുക. മനസ്സ് ദേഹിയുടെ വലിയ ഭാഗവും, ദേഹി നമ്മുടെ പുറമെയുള്ള ജഡത്തിനും നമ്മുടെ അകമെയുള്ള ആത്മാവിനും ഇടയിലാണ്. റോമർ 8:6 പറയുന്നു: "ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു." നമ്മുടെ ആത്മാവിനെ ജ്വലിപ്പിച്ചശേഷം നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുവാൻ നാം പഠിക്കണം. നമ്മുടെ മനസ്സ് വളരെ "സംസാരപ്രിയനാണ്". നമ്മുടെ മനസ്സ് എല്ലായിടത്തുവച്ചും എല്ലായ്പോഴും നമ്മോടു സംസാരിക്കുന്നു. നമ്മുടെ മനസ്സിനെ നാം നിയന്ത്രിക്കുന്നില്ലെങ്കിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ നമുക്ക് ലോകമെമ്പാടും നമ്മുടെ ഭാവനയിൽ നമുക്ക് വിഹരിക്കുവാൻ കഴിയും. പകൽസമയം പോലും നമ്മുടെ മനസ്സിൽ നമുക്ക് സ്വപ്നം കാണുവാൻ കഴിയും. ഇതുകൊണ്ടാണ് നമ്മുടെ മനസ്സിനെ നാം ആത്മാവിലേക്ക് തിരിക്കേണ്ടത്. നാം അങ്ങനെ ചെയ്യുമ്പോൾ, നാം കർത്താവിനു പാടുകയോ, കർത്താവിനെ സ്തുതിക്കുകയോ, കർത്താവിനെക്കുറിച്ച് സംസാരിക്കുകയോ ചെയ്യും.

ഭാര്യയും ഭർത്താവും മാത്രമായിരിക്കുമ്പോൾ, അവർ തങ്ങളുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കാത്തതുകൊണ്ട്, അവർ പാപം ചെയ്യുവാൻ എളുപ്പമാണ്. മറ്റുള്ളവരുടെ മുമ്പിലായിരിക്കുമ്പോൾ, അവർ പറയുന്ന കാര്യങ്ങളിൽ അവർ നിയന്ത്രിക്കപ്പെട്ടിരിക്കും. എന്നാൽ അവർ ഒരുമിച്ചായിരിക്കുമ്പോൾ, മറ്റുള്ളവരെക്കുറിച്ച് അപവാദങ്ങൾ പറയുവാനോ സഭയെക്കുറിച്ച് പ്രതിലോമപരമായി സംസാരിക്കുവാനോ അവർക്ക് സ്വാതന്ത്ര്യം തോന്നിയേക്കാം. അവർ ജഡത്തിൽ മനസ്സിനെ ഉറപ്പിച്ചിരിക്കുന്നതുകൊണ്ട് ആ സമയത്ത് അവർ മരണത്തിലാണ്. എന്നാൽ നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കുവാനും മനസ്സിനെ നിയന്ത്രിക്കുവാനും നാം പഠിക്കേണ്ടതുണ്ട്. മനസ്സ് ജഡത്തിൽ ഉറയ്ക്കുവാൻ അനുവദിക്കാതെ, ആത്മാവിൽ ഉറയ്ക്കുവാനായി തിരിക്കുക. ഈ ശീലം നമ്മിൽ വളർത്തിയെടുക്കണം. നമ്മുടെ മനസ്സിനെ ജഡത്തിൽ ഉറപ്പിക്കുന്നത് മരണമാണ്. നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുന്നത് ജീവനും സമാധാനവുമാണ്.

**നമ്മുടെ ദേഹിയിൽനിന്നും നമ്മുടെ ആത്മാവിനെ വിവേചിച്ചറിയുക**

എബ്രായർ 4:12-ൽ വിവേചിക്കുക എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ദൈവവചനത്തിന് നമ്മുടെ ആത്മാവിൽനിന്നും നമ്മുടെ ദേഹിയെ

വേർപെടുത്തുവാൻ കഴിയുമെന്നും ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുവാൻ കഴിയുമെന്നും അത് പറയുന്നു. പലപ്പോഴും നമ്മുടെ ചിന്തകൾ വഞ്ചിക്കുന്നതാണ്. എന്നാൽ നമ്മുടെ ആത്മാവിനെ നാം വ്യായാമംചെയ്യുന്നുവെങ്കിൽ, നമ്മുടെ ചിന്തകൾ ദുഷിച്ചതാണെന്നു് ഒരു വിവേചനമുണ്ട്, കാരണം നമ്മുടെ ചിന്തകൾക്കു പിന്നിൽ ഒരു ദുഷിച്ച ഇംഗിതമുണ്ട്. ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിച്ചറിയുന്നത് ആത്മാവിൽനിന്നും ദേഹിയെ വിഭജിക്കുന്നതിന് തുല്യമാണ്. എല്ലാ സമയത്തും നിങ്ങളുടെ ആത്മാവിനെ നിങ്ങളുടെ ദേഹിയിൽനിന്നും വേറിട്ട് സൂക്ഷിക്കേണ്ടതാവശ്യമാണ്. ശത്രുവിന്റെ തന്ത്രം എപ്പോഴും നമ്മുടെ ആത്മാവിനെ നമ്മുടെ ദേഹിയുമായി കലർത്തുക എന്നതാണ്. ഇന്നത്തെ ലോകത്തിൽ മിക്കവാറും എല്ലാവരും സമ്മിശ്ര സാഹചര്യത്തിലാണ്. അവർ തങ്ങളുടെ ആത്മാവിനെ അവരുടെ ദേഹിയുമായി കലർത്തുന്നു. ഇങ്ങനെയുള്ള കലർപ്പ് ഉണ്ടായിരിക്കുമ്പോഴെല്ലാം ആത്മാവ് തോൽക്കുകയും ദേഹി ജയിക്കുകയും ചെയ്യുന്നു.

ഒരു സഹോദരൻ മറ്റൊരു സഹോദരനെക്കുറിച്ച് തന്റെ ഭാര്യയോട് സംസാരിക്കുവാൻ തുടങ്ങുന്നതിനുമുമ്പ്, "ഇത് എന്റെ ആത്മാവിൽനിന്നാണോ അതോ എന്റെ ദേഹിയിൽനിന്നാണോ?" എന്ന് അവൻ ചിന്തിക്കണം. അത് അവന്റെ ദേഹിയിൽനിന്നാണെങ്കിൽ, അവൻ പറയുന്നത് ഒന്നുകിൽ അപവാദമോ അല്ലെങ്കിൽ വിമർശനമോ ആയിരിക്കും. അത് അവന്റെ ആത്മാവിൽനിന്നാണെങ്കിൽ, അവൻ പറയുന്നത് കർത്താവിനാൽ നയിക്കപ്പെടുന്ന എന്തെങ്കിലുമായിരിക്കും. നമ്മുടെ ആത്മാവിനെ നമ്മുടെ ദേഹിയിൽനിന്നും നാം വിവേചിച്ചറിയണമെന്ന് ഇത് കാണിക്കുന്നു. ക്രിസ്തുവിനെ അന്വേഷിക്കുന്നവരായ നാം നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കുവാനും, നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുവാനും, നമ്മുടെ ആത്മാവിനെ നമ്മുടെ ദേഹിയിൽനിന്നും വിവേചിച്ചറിയുവാനും പഠിക്കണം.

വാസ്തവത്തിൽ, നമ്മുടെ വ്യക്തി, നമ്മുടെ ആളത്തം, വളരെ സങ്കീർണ്ണമാണ്. നാം അത്ര ലളിതരല്ല, കാരണം നമുക്ക് മൂന്നു ഭാഗങ്ങളുണ്ട്. നമുക്ക് ജഡമുണ്ട്, അത് ചീത്തയാണ്; ആത്മാവുണ്ട്, അത് നല്ലതാണ്; ദേഹിയുണ്ട്, അത് രണ്ടിനും ഇടയിലാണ്. നാം എപ്പോഴും നമ്മുടെ ആത്മാവിനെ പിന്തുടരുകയും നമ്മുടെ ആത്മാവിനനുസരിച്ച് എല്ലാ കാര്യങ്ങളിലും നടക്കുകയും വേണം. ഇത് റോമർ 8:4 പ്രകാരമാണ്. ആത്മാവിന്റേതല്ല, ദേഹിയുടേതായ എന്തിനെയും വിവേചിച്ചറിയുവാൻ നാം എപ്പോഴും ജാഗരൂകരായിരിക്കണം. അപ്പോൾ നാം എല്ലായ്പോഴും ആത്മാവിൽ നിലനിൽക്കും. ഇത് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്, ഉപയോഗിക്കുന്നത്, വിനിയോഗിക്കുന്നത് ആണ്.

നമ്മുടെ ദൈവദത്തമായ ആത്മാവ് നമ്മുടെ മൂലധനവും നമ്മുടെ കഴിവുമാണ്. നാം നമ്മുടെ ആത്മാവിനെ ഉപയോഗിക്കുകയും, നമ്മുടെ ആത്മാവിനെ വിനിയോഗിക്കുകയും, നമ്മുടെ ആത്മാവിനെ ജ്വലിപ്പിച്ചുകൊണ്ടും, ആത്മാവിൽ നമ്മുടെ മനസ്സിനെ ഉറപ്പിച്ചുകൊണ്ടും, ആത്മാവിനെ ദേഹിയിൽനിന്നും വിവേചിച്ചുകൊണ്ടും വ്യായാമം ചെയ്യുകയും വേണം. ജഡത്തിൽ നിന്നുള്ളതും ആത്മാവിൽ നിന്നുള്ളതും എന്താണെന്ന് അറിയുവാൻ തീർച്ചയായും എളുപ്പമാണ്; എന്നാൽ പലപ്പോഴും അത് ആത്മാവിൽനിന്നുള്ളത് എന്താണെന്നതിനും ദേഹിയിൽനിന്നുള്ളത് എന്താണെന്നതിനും ഇടയിൽ വളരെ സമ്മിശ്രമായ ഒരു സാഹചര്യമാണ്. ഇതുകൊണ്ടാണ് നാം വിവേചിച്ചറിയേണ്ടത്.

നാം ഈ കാര്യങ്ങളിലേക്ക് കടക്കുമ്പോൾ, നമ്മുടെ ക്രിസ്തീയ നടപ്പ് വളരെ സൂക്ഷ്മമായ ഒരു നടപ്പാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. നമ്മുടെ ആത്മാവിനെ അനുസരിച്ച് നാം നടക്കുവാൻ പോകുകയാണെങ്കിൽ, കാര്യങ്ങൾ

വളരെ വേഗത്തിൽ ചെയ്യാതിരിക്കുവാനും കാര്യങ്ങൾ പെട്ടെന്ന് പറയാതിരിക്കുവാനും നാം പഠിക്കണം. അല്പം കാത്തിരിക്കുന്നത് സുരക്ഷിതമാണ്. കത്തുകൾക്ക് മറുപടി എഴുതുന്ന കാര്യത്തിൽ എനിക്ക് ഈ അനുഭവം ഉണ്ടായിട്ടുണ്ട്. ചിലപ്പോൾ ഞാൻ ഒരു കത്ത് എഴുതുകയും അയയ്ക്കുന്നതിനുമുമ്പ് മറ്റൊരു ദിവസത്തേക്ക് സൂക്ഷിക്കുകയും ചെയ്യും. അടുത്ത ദിവസം ആ കത്തിൽ ഉൾപ്പെടുത്തുവാൻ ഒരു പുതിയ ചിന്ത എന്നിലേക്കു വരുകയോ, ഞാൻ എന്തെങ്കിലും തെറ്റായി പറഞ്ഞുവെന്ന് ഞാൻ മനസ്സിലാക്കാകയോ ചെയ്തേക്കാം. ഈ രീതിയിൽ കാത്തിരിക്കുന്നത് നമ്മുടെ ആത്മാവിനെ അനുസരിച്ച് നടക്കുവാൻ നമ്മെ സഹായിക്കുന്നു.

ക്രിസ്തീയ ജീവിതത്തിൽ യുദ്ധം എല്ലായ്പോഴും ഉണ്ട്. നമ്മുടെ ഉള്ളിൽപോലും ആത്മാവും ജഡവും തമ്മിലും, അതിലുപരി ആത്മാവും ദേഹിയു തമ്മിലും ഒരു യുദ്ധമുണ്ട്. അതിനാൽ നാം നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുകയും, നമ്മുടെ ആത്മാവിനെ ഉപയോഗിക്കുകയും, അതായത് നമ്മുടെ ആത്മാവിനെ ജ്വലിപ്പിക്കുകയും വേണം. പിന്നീട് നമ്മുടെ മനസ്സിനെ നമ്മുടെ ആത്മാവിൽ ഉറപ്പിച്ചുകൊണ്ട് എങ്ങനെ നമ്മുടെ മനസ്സിനെ നിയന്ത്രിക്കണമെന്ന് നാം പഠിക്കണം. ആത്മാവിൽനിന്നുള്ളത് എന്താണെന്നും ദേഹിയിൽനിന്നുള്ളത് എന്താണെന്നും നാം എല്ലായ്പോഴും വിവേചിച്ചറിയണം. ചിലത് ആത്മാവിൽനിന്നുള്ളതല്ലെങ്കിൽ, അത് പറയുവാനോ ചെയ്യുവാനോ നാം ആഗ്രഹിക്കുന്നില്ല. ഇത് നമ്മുടെ ആത്മാവിനെ ഉപയോഗിക്കുന്നത്, വ്യായാമം ചെയ്യുന്നത്, ആണ്. നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതിനുള്ള ശക്തമായ ഒരു ശീലം വളർത്തിയെടുക്കുന്നതു വരെ നമ്മുടെ ആത്മാവിനെ ഉപയോഗിക്കുന്നത് പരിശീലിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. (*The Collected Works of Witness Lee,1993,* vol. 2, “The Spirit with Our Spirit,” pp. 180-187)